## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4175** — **18-03-2025 - ൽ മറുപടിയ്ക്ക്**

## കിഫ്ബി വായ്പയുടെ തിരിച്ചടവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വായ്പയുടെ തിരിച്ചടവിനായി ഏതൊക്കെ ഇനത്തിലുള്ള വരുമാനമാണ് ഉപയോഗപ്പെടുത്തുന്നതെന്നും തുടർച്ചയായ അടുത്ത അഞ്ച് സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ എത്ര രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്നും ഇത് കിഫ്ബി വായ്പയുടെ തിരിച്ചടവിന് പര്യാപ്തമായിരിക്കുമെന്നും വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ? | (എ) | കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി വിവിധ വരുമാനങ്ങളെ ആശ്രയിക്കാറുണ്ട്. കിഫ് ആക്ട് പ്രകാരം സർക്കാരിൽ നിന്നും ലഭിച്ചു വരുന്ന തുകകൾ, നിക്ഷേപങ്ങളിൽ നിന്നും പലിശ ഇനത്തിൽ ലഭിക്കുന്ന വരുമാനം, വരുമാനദായകമായ പദ്ധതികളിൽ നിന്നും തിരിച്ചടവായും പലിശയായും ലഭിക്കുന്ന തുകകൾ എന്നിവ ഇതിലേക്കായി പ്രയോജനപ്പെടുത്താറുണ്ട്. 2024-25 സാമ്പത്തിക വർഷത്തിലെ ഓഡിറ്റഡ് കണക്കുകളുടെയും നിലവിലെ പദ്ധതികളുടെ തിരിച്ചടവ് നിബന്ധനകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അടുത്ത അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനത്തിന്റെ പ്രൊജക്ഷൻ അനുബന്ധമായി നൽകുന്നു. ഈ തുക നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ തിരിച്ചടവിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ